# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4494 — 25/06/2019-ൽ മറുപടിക്ക്

## ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ ഒറ്റ ഡയറക്ടറേറ്റ്

| ചോദ്യം<br>**ശ്രീ.ഷാഫി പറമ്പിൽ** | മറുപടി<br>**പ്രൊഫ.സി.രവീന്ദ്രനാഥ്**<br>(ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| എ) ഒന്നാം ക്ളാസ്സ് മുതൽ പന്ത്രണ്ടാം ക്ളാസ്സ് വരെയുള്ള വിദ്യാഭ്യാസം ഒരു ഡയറക്ടറേറ്റിന് കീഴിലാക്കുന്ന നടപടിക്കെതിരെ ഹയർ സെക്കന്ററി അദ്ധ്യാപകർ ആശങ്ക അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ ആശങ്കകൾ അകറ്റുന്നതിന് വിവിധ അദ്ധ്യാപക സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ചർച്ച വിജയപ്രദമായിരുന്നോ; | എ) റിപ്പോർട്ടിലെ ശുപാർശകൾ സംബന്ധിച്ച് വകുപ്പിലെ അദ്ധ്യാപക-അനദ്ധ്യാപക സംഘടനകളുമായി രണ്ടുതവണ സർക്കാർ ചർച്ച നടത്തുകയും പ്രസ്തുത ചർച്ചകളിൽ ഉരുത്തിരിഞ്ഞുവന്ന കാര്യങ്ങൾ കൂടി പരിഗണിച്ചുമാണ് 31.05.2019-ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| ബി) എട്ടാം ക്ളാസ്സ് മുതൽ പന്ത്രണ്ടാം ക്ളാസ്സ് വരെയുള്ള ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ബിരുദാനന്തര ബിരുദം നിർബന്ധമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പുതിയ നിയമനങ്ങളിൽ അത് ബാധകമാക്കുന്നതിന് നിലവിലുള്ള ചട്ടം ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ? | ബി) നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ